<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 552**</u> <u>**11-07-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ദേശീയപാത വികസന പ്രവർത്തനങ്ങൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത വികസനത്തിന്റെ ഭാഗമായി നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ റോഡുകളിൽ അപകടം സൃഷ്ടിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ ദേശീയപാത 66, ദേശീയപാത 85 എന്നീ ദേശീയപാതകളുടെ നിർമ്മാണം ദേശീയപാത അതോറിറ്റിയാണ് നടപ്പാക്കുന്നത്. പ്രവൃത്തി പുരോഗമിക്കുന്ന റോഡുകളിലുള്ള ഗതാഗത പ്രശ്നങ്ങളും അപകടസാധ്യതയും പരിശോധിക്കാനും പരിഹരിക്കാനും ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇത് സംബന്ധിച്ച് വിവിധ പ്രശ്നങ്ങൾ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തുകയും വേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ ഇടപെടാനും വിലയിരുത്തൽ നടത്താനും ജില്ലാ ഭരണകൂടങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നിർമ്മാണം നടക്കുന്ന ഭാഗത്ത് സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഗതാഗതം സുഗമമാക്കുന്നതിനും സൈൻ ബോർഡുകൾ, റിട്രോ റിഫ്ലക്റ്റർ ടേപ്പുകൾ, ബ്ലിങ്കറുകൾ, റബ്ബർ റമ്പിളുകൾ എന്നിവ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട് എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചത്. ഗതാഗത നിയന്ത്രണത്തിനായി ട്രാഫിക് മാർഷൽമാരെയും നിയോഗിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>മഴക്കാലത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും, റോഡുകളിലെ കേടുപാടുകളും കുഴികളും കണ്ടെത്തി ഓരോന്നിനും പരിഹാരം കാണുന്നതിനും കരാറുകാർക്ക് നിർദ്ദേശം നൽകിയിതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മഴക്കാലത്ത് ഇത്തരം അപകടങ്ങൾക്ക് സാധ്യത കൂടുതലുള്ള സാഹചര്യത്തിൽ ഇത് തടയാനായി സ്വീകരിച്ച മുന്നൊരുക്കങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | ദേശീയ പാത നിർമ്മാണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ ഗതാഗതം ഒഴിവാക്കി ബദൽ സംവിധാനം ഒരുക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനം മൂലം വലിയതോതിൽ ഗതാഗതം തടസ്സമുണ്ടാകുന്ന സ്ഥലങ്ങളിൽ ട്രാഫിക് ഡൈവേർഷൻ വേണ്ട പ്ലാൻ തയ്യാറാക്കാനും അവ നടപ്പിലാക്കാനും ഉചിതമായ ദിശ ബോർഡുകൾ ഉൾപ്പെടെ സ്ഥാപിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് ഡൈവേർഷൻ വേണ്ട ഭാഗങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകളും, വേഗതയുടെ പരിധി വ്യക്തമാക്കുന്ന ബോർഡുകളും മറ്റ് സൈൻ ബോർഡുകളും ഐ.ആർ.സി. 55: 2014 മാനദണ്ഡപ്രകാരം സ്ഥാപിച്ചിട്ടുള്ളതായും ഗതാഗതം സുഗമമാക്കുന്നതിനായി ജില്ലാ ഭരണകൂടം, പോലീസ് എന്നിവരുമായി ചേർന്ന് പ്രവർത്തിക്കുന്നതായും ദേശീയ പാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ